(എ) സർക്കാർ ആശുപത്രികളിലെ സൗജന്യ ചികിത്സയ്ക്ക് പുറമെ നിർദ്ധനരും അല്ലാത്തവരുമായ രോഗികൾക്ക് വിവിധ മന്ത്രിമാരുടെ ചികിത്സാ ധനസഹായം അടക്കം ഏതെല്ലാം ചികിത്സാ സഹായപദ്ധതികളാണ് നിലവിലുള്ളത് ;

(ബി) ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്നും ചികിത്സാ ധനസഹായം**

18 (665) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യകുടുംബക്ഷേമ വകുപ്പിൽനിന്നും പാവപ്പെട്ടവർക്കുള്ള ചികിത്സാധനസഹായം ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്ന് ലിസ്റ്റ് സഹിതം വ്യക്തമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോൾ പ്രോഗ്രാം**

19 (666) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ മരുന്നു സംഭരണത്തിലെ കെടുകാര്യസ്ഥതയും അപാകതകളുംമൂലം 'നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോൾ പ്രോഗ്രാം' പാളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രോഗ്രാംവഴി ജീവിതശൈലീ രോഗബാധിതർക്ക് ഇൻസുലിൻ ഉൾപ്പെടെ മരുന്നുകൾ പി.എച്ച്.സി.-കൾവഴി നൽകുമെന്ന് പ്രഖ്യാപിക്കുകയും ആയത് ഇതുവരെ നടപ്പിലാക്കിയിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) മാസത്തിൽ ഒരിക്കൽ ഇത്തരം രോഗികൾക്ക് പരിശോധന നടത്തുന്നതിന് റൂറൽ ഹെൽത്ത് മിഷന് എത്ര കോടി രൂപ അനുവദിച്ചിരുന്നു എന്നും ആയതിൽ എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly